# വാർഷിക റിപ്പോർട്ട് 2014 - 2015

## 1) കമ്മീഷന്റെ ഭരണഘടന

1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ 11-ാം ആക്ട്) ചുരുക്കപ്പേര് കെ.എസ്.സി.ബി.സി ആക്ട്, 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു നികായമാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ. (ആക്ട് അനുബന്ധം I ആയി ഉൾപ്പെടുത്തിയിരിക്കുന്നു) പ്രസ്തുത വകുപ്പിന് 2000-ത്തിലെ 10-ാം ആക്ട് പ്രകാരം ഒരു ഭേദഗതി വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. (ഭേദഗതി നിയമം അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

## 2) കമ്മീഷന്റെ ഘടന

കെ.എസ്.സി.ബി.സി ആക്ടിലെ 3ാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജി ആയതോ ആയിരുന്നതോ ആയ വ്യക്തിയും, കമ്മീഷൻ മെമ്പർ സെക്രട്ടറി, സ്ഥാനം ഹേതുവായി പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആയിരിക്കേണ്ടതാണ്.

റിപ്പോർട്ടു വർഷത്തിൽ റിട്ട. ഹൈക്കോടതി ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ ചെയർമാനായും ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സഖാഫി, ശ്രീ. കെ. ജോൺ ബ്രിട്ടോ എന്നിവർ മെമ്പർമാരായും സേവനമനുഷ്ഠിച്ചു. മെമ്പർ സെക്രട്ടറിയായി പിന്നാക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. ആശ തോമസ് ഐ.എ.എസ് ചുമതല നിർവഹിച്ചു.

## 3) ചുമതലകൾ

I) സമൂഹത്തിൽ പിന്നാക്കം നില്ക്കുന്നവരെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ

ഉൾപ്പെടുത്തിയത് കുറഞ്ഞു പോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുകയും അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുകയും ചെയ്യുക (വകുപ്പ് 9(1)).

കമ്മീഷൻ സർക്കാരിന് നല്കുന്ന ഉപദേശം സാധാരണഗതിയിൽ അംഗീകരിക്കപ്പെടേണ്ടതാണ് (വകുപ്പ് 9(2)).

II) കെ.എസ്.സി.ബി.സി ആക്ടിലെ 11-ാം വകുപ്പ് പ്രകാരം പിന്നാക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്ന പ്രക്രിയയിൽ സർക്കാരിനെ ഉപദേശിക്കുക.

കൂടാതെ മറ്റു പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശിക്കുക.

4) **<u>അധിക ചുമതല</u>**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠിച്ച് അതിന്റെയടിസ്ഥാനത്തിൽ അവരുടെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് കേരള നിയമസഭയ്ക്ക് നൽകുക (1995-ലെ 16ാം ആക്ട് 5-ാം വകുപ്പ് അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു).

5) **<u>കമ്മീഷന്റെ ആസ്ഥാനം</u>**

തിരുവനന്തപുരത്ത് വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവൻ കെട്ടിട സമുച്ചയത്തിന്റെ മൂന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.

6) **<u>ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും</u>**

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ നൽകേണ്ടതാണ്. റിപ്പോർട്ടു വർഷം സർക്കാർ ഉത്തരവ് (സാധാ) നം. 49/2014/പി.സ.വി.വ തീയതി 21.05.2014 പ്രകാരം താഴെപ്പറയുന്ന 18 തസ്തികകൾക്ക് തുടർച്ചാനുമതി ലഭിച്ചിരുന്നു.

| | | |
|---|---|---|
| 1 | രജിസ്ട്രാർ | 1 |
| 2 | അഡീഷണൽ രജിസ്ട്രാർ | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 |

| | | |
|---|---|---|
| 4 | സെക്ഷൻ ഓഫീസർ | 2 |
| 5 | അസിസ്റ്റന്റ് ഗ്രേഡ് II | 4 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 2 |
| 7 | പ്യൂൺ | 2 |
| 8 | ഷോഫർ | 1 |
| 9 | ഡ്രൈവർ | 2 |
| 10 | നൈറ്റ് വാച്ചർ | 1 |
| 11 | പാർട്ട്- ടൈം-സ്വീപ്പർ | 1 |

റിപ്പോർട്ട് വർഷത്തിൽ സർക്കാർ അഡീഷണൽ സെക്രട്ടറിയായ ശ്രീ. ടി. വേണുഗോപാൽ രജിസ്ട്രാർ ആയി കമ്മീഷനിൽ സേവനമനുഷ്ഠിച്ചു. സെക്ഷൻ ഓഫീസറുടെ 2 തസ്തികകളിൽ ഒരെണ്ണത്തിൽ റിപ്പോർട്ട് വർഷം അണ്ടർ സെക്രട്ടറിയെയാണ് നിയമിച്ചിട്ടുള്ളത്.

## 7) <u>ധനം</u>

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി നൽകുന്നു.

2014-2015 സാമ്പത്തിക വർഷത്തിൽ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ₹2,22,93,000/- (ര ˘ കോടി ഇരുപത്തിര ˘ ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കമ്മീഷന്റെ പ്രവർത്തനത്തിന് ധനസഹായമായി ₹1,49,79,000/- (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തിഒൻപതിനായിരം രൂപ മാത്രം) താഴെപറയുന്ന ശീർഷകങ്ങളിൽ വക കൊള്ളിച്ചിരുന്നു.

a) 2225-03-800-99-31 സഹായധനം (ശമ്പളം) (നോൺപ്ലാൻ) - ₹128,79,000/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരം രൂപ മാത്രം)

b) 2225-03-800-99-36 സഹായധനം-ശമ്പളേതരം (നോൺപ്ലാൻ) - ₹16,00,000/- (പതിനാറ് ലക്ഷം രൂപ മാത്രം)

ഇതിൽ ശമ്പളയിനത്തിൽ വകയിരുത്തിയ മുഴുവൻ തുകയും 4 ഗഡുക്കളായി കമ്മീഷന് ലഭിക്കുകയും ടി തുക കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുകയും ചെയ്തു. ശമ്പളേതരയിനത്തിൽ വകയിരുത്തിയ തുകയിൽ ₹16,00,000/- (പതിനാറ് ലക്ഷം രൂപ മാത്രം) കമ്മീഷൻ ചെലവഴിച്ചു. ടി ശീർഷകത്തിൽ ബാക്കിയായ ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) സറ ർ ചെയ്തിട്ടു ്.

## 8) <u>കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും</u>

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തേണ്ടതാണ്. റിപ്പോർട്ടു വർഷത്തിൽ 2013-2014 സാമ്പത്തിക വർഷത്തെ അക്കൗണ്ട് ആഡിറ്റ് നടത്തിയിട്ടുണ്ട്.

## 9) <u>പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ</u>

റിപ്പോർട്ട് വർഷാരംഭത്തിൽ കമ്മീഷന്റെ വകുപ്പ് 9(1) പ്രകാരമുള്ള പരിശോധനയ്ക്കു വിധേയമായ 69 കേസുകൾ തീർപ്പാകാതെ നിലവിലുണ്ടായിരുന്നു. റിപ്പോർട്ടു വർഷം 52 അപേക്ഷകൾ കമ്മീഷൻ ഓഫീസിൽ ലഭിച്ചു (ലിസ്റ്റ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.) സൂക്ഷ്മ പരിശോധനയ്ക്കു ശേഷം 17 കേസുകൾ വകുപ്പ് 9(1) പ്രകാരം വിശദ പരിശോധനയ്ക്കുള്ളവയാണ്. ബാക്കി 35 എണ്ണത്തിൽ സർക്കാരിനോ അപേക്ഷകനോ മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്. വിവരാവകാശ നിയമം 2005 പ്രകാരം ലഭിച്ച 11 അപേക്ഷകൾക്ക് നിയമാനുസൃതം മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്.

റിപ്പോർട്ടു കാലയളവിൽ സർക്കാരിലേക്ക് നൽകിയ ഉപദേശം സംബന്ധിച്ച വിശദാംശങ്ങളും സർക്കാർ സ്വീകരിച്ച നടപടിയും അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

റിപ്പോർട്ടു വർഷാവസാനത്തിൽ 79 കേസുകൾ വിവിധ തലങ്ങളിലായി കമ്മീഷന്റെ പരിഗണനയിലുണ്ട്. (ലിസ്റ്റ് അനുബന്ധം VI ആയി ചേർത്തിരിക്കുന്നു).

2014-2015 വർഷത്തിൽ തിരുവനന്തപുരത്തു കമ്മീഷൻെറ ആഫീസിലും എറണാകുളത്തും വച്ച് 29.04.2014, 14.05.2014, 22.05.2014, 03.06.2014, 16.06.2014, 24.06.2014, 04.07.2014, 16.07.2014, 22.07.2014, 07.08.2014, 20.08.2014, 03.09.2014, 20.09.2014, 24.09.2014, 25.09.2014, 13.10.2014, 20.10.2014, 28.10.2014, 04.11.2014, 13.11.2014, 19.11.2014, 20.11.2014, 26.11.2014, 29.11.2014, 05.12.2014, 06.12.2014, 09.12.2014, 10.12.2014, 16.12.2014, 23.12.2014, 27.01.2015, 05.02.2015, 12.02.2015, 02.03.2015, 11.03.2015 എന്നീ തീയതികളിലായി 35 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

## എസ്.ഇ.ബി.സി പഠനവുമായി ബന്ധപ്പെട്ട സിറ്റിംഗുകളുടെ വിശദവിവരം

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ (എസ്.ഇ.ബി.സി) ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്ക് സ്വതന്ത്രമായ പഠനം നടത്തി ഒരു സ്കീം തയ്യാറാക്കുവാൻ W.P (C) No. 29271/12, 11578/13 എന്നീ റിട്ടു ഹർജികളിന്മേലുള്ള ബഹു. കേരള ഹൈക്കോടതി നിർദ്ദേശ പ്രകാരം കേരള സർക്കാർ 26.10.2013-ലെ സ.ഉ (കൈ) നം.12/2013/പി.സ.വി.വ നമ്പർ ഉത്തരവുപ്രകാരം കമ്മീഷനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് നിരവധി സിറ്റിംഗുകൾ കമ്മീഷൻ ഓഫീസിലും എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലുമായി നടന്നു. പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് കമ്മീഷന്റെ സിറ്റിംഗുകൾ യഥാക്രമം 29.04.2014, 14.05.2014, 22.05.2014, 03.06.2014, 16.06.2014, 24.06.2014, 04.07.2014, 16.07.2014, 22.07.2014, 07.08.2014, 20.08.2014, 03.09.2014, 20.09.2014, 24.09.2014, 25.09.2014, 13.10.2014, 20.10.2014, 28.10.2014, 04.11.2014, 13.11.2014, 19.11.2014, 20.11.2014, 26.11.2014, 29.11.2014, 05.12.2014, 06.12.2014, 09.12.2014, 10.12.2014 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്.

28.10.2014-ൽ എസ്.ഇ.ബി.സി പഠനവുമായി ബന്ധപ്പെട്ട് എറണാകുളത്തു വച്ചു നടന്ന സിറ്റിംഗിൽ വിവിധ സമുദായങ്ങളെ പ്രതിനിധീകരിച്ച് 34 പേർ പങ്കെടുത്തു.

ഇതു സംബന്ധിച്ച വിശദാംശങ്ങൾ പത്രദൃശ്യമാധ്യമങ്ങളിൽ കൂടിയും കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കൂടിയും പ്രസിദ്ധീകരിച്ചുകൊണ്ട് പൊതു

ജനങ്ങളിൽ നിന്നും സമുദായ സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ ആരായുകയും ഇപ്രകാരം ലഭിച്ച അഭിപ്രായങ്ങൾ പരിഗണിച്ച് വിവിധ ഘട്ടങ്ങളിലായി വിവിധ വകുപ്പ് തലവൻമാർ ഉൾപ്പെടെ ഈ രംഗത്തെ പ്രഗത്ഭമതികളെ കൂടി പങ്കെടുപ്പിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. തുടർന്ന് എസ്.ഇ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിവിധ സമുദായ സംഘടനകളെയും റിട്ട് ഹർജിയിലെ പരാതിക്കാരെയും സാമൂഹിക പ്രവർത്തകരെയും കമ്മീഷൻ നേരിൽ കേൾക്കുകയുണ്ടായി.

ഈ ആവശ്യത്തിലേക്ക് സർക്കാർ അംഗീകൃത ഏജൻസിയായ കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ കൊണ്ട് കമ്മീഷൻ ഒരു ക്വിക് സാമ്പിൾ സർവ്വെ നടത്തുകയുണ്ടായി. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണർ ലഭ്യമാക്കിയ 7.7 ലക്ഷം വരുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പ്രത്യേകം ഡേറ്റാ ടൂൾ ഉപയോഗിച്ച് കൊണ്ട് വിശകലനം ചെയ്ത് എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള സംവരണ നിലവാരം കമ്മീഷൻ പഠന വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് കമ്മീഷൻ മൂന്ന് വാല്യങ്ങളായി തയ്യാറാക്കിയ പഠനറിപ്പോർട്ട് 11.12.2014-ാം തീയതി കമ്മീഷൻ അംഗീകരിച്ച് സർക്കാരിനു സമർപ്പിക്കുകയും ആയത് അംഗീകരിച്ച് സംസ്ഥാന സർക്കാർ 01.01.2015-ാം തീയതിയിലെ സ.ഉ(അച്ചടി) 1/2015/പി.സ.വി.വ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

## ഇതര വിഷയങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷൻ നടത്തിയ മറ്റു സിറ്റിംഗുകളുടെ വിവരങ്ങൾ

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 24.07.2014-ന് നടന്ന കമ്മീഷന്റെ 346-ാമത്തെ സിറ്റിംഗിൽ 23.05.2014-ലെ സ.ഉ(കൈ) 10/14/പി.സ.വി.വ നമ്പർ ഉത്തരവിന്റെ സ്പഷ്ടീകരണം സംബന്ധിച്ച വിഷയം കമ്മീഷൻ പരിഗണിച്ചു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 04.07.2014-ന് നടന്ന കമ്മീഷന്റെ 347-ാമതു സിറ്റിംഗിൽ ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും സമുദായത്തെ പറ്റി പഠിക്കാൻ പ്രത്യേക കമ്മീഷനെ നിയമിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീരാമ വിലാസം ചവളർ സൊസൈറ്റി സമർപ്പിച്ച നിവേദനവും ലാറ്റിൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ പ്രയാസങ്ങൾ നേരിടുന്നുവെന്നതു സംബന്ധിച്ച നിയമസഭാ സബ്മിഷനുള്ള മറുപടിയും പരിഗണിച്ചു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 23.12.2014-ന് നടന്ന കമ്മീഷന്റെ 369-ാമത്തെ സിറ്റിംഗിൽ നായിഡു വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചതിൽ സമുദായത്തെ പ്രതിനിധീകരിച്ച് 19 പേർ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 27.01.2015-ന് നടന്ന കമ്മീഷന്റെ 370-ാമത്തെ സിറ്റിംഗിൽ നായിഡു വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 05.02.2015-ന് നടന്ന കമ്മീഷന്റെ 371-ാമത്തെ സിറ്റിംഗിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ലത്തീൻ കത്തോലിക്ക എന്നതിനൊപ്പം ഉപജാതി കൂടി രേഖപ്പെടുത്തണം എന്ന ആവശ്യവും ഈഴവാത്തി, കാവുതീയ്യ സമുദായങ്ങളെ വാദ്ധ്യായർ എന്ന പൊതു നാമത്തിൽ അംഗീകരിക്കണം എന്ന ആവശ്യവും ഹിന്ദു ഗവറ സമുദായത്തെ നായിഡുവിനോടൊപ്പം ചേർത്ത് ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും കോടാങ്കി നായ്ക്കൻ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന ആവശ്യവും സിറ്റിംഗിൽ പരിഗണിച്ചു. എസ്.ഇ.ബി.സി പഠനവുമായി ബന്ധപ്പെട്ട് ഡേറ്റാ സയന്റിസ്റ്റ് ശ്രീ. പ്രവീണിന് പ്രതിഫലം നൽകുന്നതു സംബന്ധിച്ച വിഷയവും സിറ്റിംഗിൽ പരിഗണിച്ചു. കോടാങ്കി നായ്ക്കൻ വിഭാഗത്തെ പ്രതിനിധീകരിച്ച് 10 പേരും ഹിന്ദു ഗവറ വിഭാഗത്തെ പ്രതിനിധികരിച്ച് ഒരാളും വാദ്ധ്യായർ വിഭാഗത്തെ പ്രതിനിധീകരിച്ച് 4 പേരും ലത്തീൻ കത്തോലിക്ക വിഭാഗത്തെ പ്രതിനിധീകരിച്ച് ഒരാളും പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 12.02.2015-ന് നടന്ന കമ്മീഷന്റെ 372-ാമത്തെ സിറ്റിംഗിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ എൽ.സി എന്നതിനൊപ്പം ഉപജാതി കൂടി രേഖപ്പെടുത്തണം എന്ന ആവശ്യം സംബന്ധിച്ചും ഹിന്ദു ഗവറ സമുദായത്തെ നായിഡുവിനോടൊപ്പം ചേർത്ത് ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതും നായിഡു വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതും സംബന്ധിച്ച നിവേദനം പരിഗണിച്ചു. നായിഡു വിഭാഗത്തെ പ്രതിനിധീകരിച്ച് 7 പേർ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 11.03.2015-ന് നടന്ന കമ്മീഷന്റെ 373-ാമത്തെ സിറ്റിംഗിൽ മുഖാരി/മുവാരി വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചതിൽ സമുദായത്തെ പ്രതിനിധീകരിച്ച് 2 പേർ പങ്കെടുത്തു.

10) പൊതുവായവ

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിന്റേയും പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളുടെയും ഭാഗമായി കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kscbc.kerala.gov.in സന്ദർശിക്കാവുന്നതാണ്.

സംസ്ഥാനത്തെ ഗവൺമെന്റ് വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ സേവന തസ്തികകളിൽ വിവിധ ജാതി/വിഭാഗങ്ങൾക്ക് ഉള്ള പ്രാതിനിധ്യം കണ്ടെത്തുന്നതിനുവേണ്ടി വെബ് അധിഷ്ഠിതമായ ഒരു വെബ് പോർട്ടൽ തുടങ്ങുന്നതിനായി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കമ്മീഷൻ NIC, C-DIT എന്നീ സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചകളിൽ NIC–യുടെ സഹകരണത്തോടുകൂടി കേരള സർക്കാരിന്റെ SPARK സോഫ്റ്റ്വെയർ വഴി കമ്മീഷന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാമെന്ന ആശയം ഉരുത്തിരിയുകയും അതിനായി സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വെബ്പോർട്ടൽ തുടങ്ങുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

അനുബന്ധം IV

## 2014– 2015 വർഷത്തിൽ കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം

1. 28.03.2014-ലെ 945/എ3/2014/പി.സ.വി.വ സർക്കാർ കത്ത് - പിന്നോക്ക വിഭാഗങ്ങളുടെ ബാക്ക്ലോഗ് നികത്തുന്നതു സംബന്ധിച്ച് ശ്രീ. അലിയാരുകുട്ടിയുടെ നിവേദനം.
2. 09.04.2014-ലെ 235/എ3/2012/പി.സ.വി.വ സർക്കാർ കത്ത് - ക്രിസ്തീയവന്നീയ ജാതിക്കാരെ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്
3. 15.05.2014-ലെ 1381/എ2/2014/പി.സ.വി.വ സർക്കാർ കത്ത് - ഒ.ഇ.സി-യിൽ ഉൾപ്പെടുത്തിയ ചെട്ടി വിഭാഗം വിദ്യാർത്ഥികൾക്ക് അവസര നഷ്ടം വരാതെ 2014-15-ൽ എസ്.ഇ.ബി.സി സംവരണ സീറ്റ് ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച്
4. ഏലൂർ ചെട്ടി വിഭാഗത്തെ ഒ.ഇ.സിയിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച് ചെട്ടി സർവ്വീസ് സൊസൈറ്റിയുടെ നിവേദനം.
5. ചെട്ടി വിഭാഗത്തെ ഒ.ഇ.സിയിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച് കേരള ചെട്ടി മഹാസഭയുടെ നിവേദനം.
6. റേഡിയോഗ്രാഫർ നോൺ ടീച്ചിംഗ് തസ്തികയിൽ നിയമനം കൊടുക്കണമെന്ന ശ്രീ. പി.എസ്. ശോഭനകുമാരി നൽകിയ നിവേദനം.
7. പാലക്കാട് ജില്ലയിൽ ചെട്ടി സമുദായത്തിന് ഒ.ബി.സി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലായെന്ന കേരള ചെട്ടി മഹാസഭ പ്രസിഡന്റ് ശ്രീ. കെ. വിജയന്റെ പരാതി.
8. ചെട്ടി വിഭാഗത്തിന് ഒ.ഇ.സി ആനുകൂല്യം ഈ വർഷം തന്നെ ലഭ്യമാക്കണമെന്ന കേരള ചെട്ടി മഹാസഭയുടെ നിവേദനം.
9. 21.06.2014-ലെ 1758/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - പണ്ടാരം സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്
10. 23.06.2014-ലെ 1580/എ2/2014/പി.സ.വി.വ സർക്കാർ കത്ത് - വീരശൈവർക്കുള്ള ഒ.ഇ.സി ആനുകൂല്യം ഉത്തരവ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്
11. 07.07.2014-ലെ 1930/എ3/2014/പി.സ.വി.വ സർക്കാർ കത്ത് - ഈഴവാത്തി, കാവുതീയ സമുദായങ്ങളെ 'വാദ്ധ്യായർ' എന്ന പൊകു നാമത്തിൽ അംഗീകരിക്കണമെന്ന നിവേദനം സംബന്ധിച്ച്

12. ഹിന്ദു ഗവറ വിഭാഗത്തെ കൂടി നായിഡു വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണം നൽകണമെന്ന ശ്രീ. പി. രാമചന്ദ്രന്റെ നിവേദനം.
13. 08.01.2015-ലെ 3512/എ3/2014/പി.സ.വി.വ സർക്കാർ കത്ത് - ലത്തീൻ കത്തോലിക്കാ അസോസിയേഷന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്
14. കണിയാൻ (ഗണക) എന്ന് ഒ.ബി.സി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് കണിയാൻ, ഗണക എന്നാക്കണം എന്നത് സംബന്ധിച്ച് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കത്ത്.
15. 13.10.2014-ലെ സർക്കാർ കത്ത് നം. 384/എ2/2012/പി.സ.വി.വ - ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണതത്വം സംബന്ധിച്ച്
16. 18.10.2014-ലെ സർക്കാർ കത്ത് നം. 2881/എ3/2014/പി.സ.വി.വ - സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ അഖില നാടാർ അസോസിയേഷൻ സമർപ്പിച്ച ഹർജി.
17. പ്രൊഫഷണൽ ഡിഗ്രി പ്രവേശനം ഒ.ബി.സി. സർട്ടിഫിക്കറ്റ് തഹസിൽദാരിൽ കുറയാത്ത ഓഫീസർ എന്നത് ഒഴിവാക്കണം എന്നത് സംബന്ധിച്ച ഡിസ്ട്രിക്റ്റ് കളക്ടറുടെ 14.01.2015-ലെ കത്ത്.

## മറ്റു നിവേദനങ്ങൾ

18. മാനസികമായി പീഡിപ്പിക്കുന്നു എന്ന ശ്രീമതി. ഷാലിമയുടെ 30.04.2014-ലെ പരാതി.
19. തിരുനാവായ റെയിൽവേ സ്റ്റേഷൻ വിപുലീകരണം മൂലം വഴി നഷ്ടപ്പെട്ടെന്ന ശ്രീ. കെ. പി. മുഹമ്മദലിയുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി സംബന്ധിച്ച്.
20. കുടിവെള്ളം തടസ്സപ്പെടുത്തിയതു സംബന്ധിച്ച് ശ്രീമതി. ലക്ഷ്മിയുടെ 14.05.2014-ലെ പരാതി.
21. അഴിമതി സംബന്ധിച്ച് ശ്രീ. സി. മുരുകയ്യയുടെ 14.05.2014-ലെ പരാതി.
22. മണ്ണിടിക്കുന്നതു സംബന്ധിച്ച ശ്രീ. സുമേഷിന്റെ 14.05.2014-ലെ പരാതി.
23. മെഡിക്കൽ എൻട്രൻസ് - ശാലിയ വിഭാഗത്തിൽപ്പെട്ട കുമാരി. രമ്യശ്രീക്ക് ഒ.ഇ.സി സംവരണം ലഭിക്കണമെന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ സംബന്ധിച്ച്

24. വായ്പ വാങ്ങിയ തുകയ്ക്ക് ഈടുവച്ച വസ്തു തിരിച്ചു കിട്ടാൻ ശ്രീമതി. രാഗിണി സമർപ്പിച്ച 16.06.2014-ലെ പരാതി.
25. കൂടൽ പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർക്കെതിരായി ശ്രീമതി. അമ്പിളി 19.06.2014-ൽ നൽകിയ പരാതി സംബന്ധിച്ച്
26. കോതമംഗലം പോലീസ് നഗ്നനാക്കി പീഡിപ്പിച്ചുവെന്ന് ശ്രീ. നസീർഖാൻ സമർപ്പിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി.
27. ചെട്ടി വിഭാഗത്തിന് ഒ.ബി.സി ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന ശ്രീ. ശങ്കുണ്ണിയുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി സംബന്ധിച്ച്
28. വസ്തുവിനു മുകളിൽ കൂടി അനധികൃതമായി വൈദ്യുതി ലൈൻ വലിച്ചെന്ന ശ്രീ. സി.പി. പാപ്പിയുടെ 16.07.2014-ലെ പരാതി.
29. കേരള ഹൗസിൽ ബന്ധുക്കളെ അനധികൃതമായി നിയമിക്കുമെന്ന ശ്രീ. കേരളൻ. പി യുടെ 18.07.2014-ലെ പരാതി
30. ക്ലർക്ക് തസ്തികയിൽ പ്രബേഷൻ ഡിക്ലയർ ചെയ്യാൻ കഴിയാത്തതു സംബന്ധിച്ച ശ്രീമതി. വഹീദ. പി.എ യുടെ 23.07.14-ലെ പരാതി.
31. പുരയിടത്തിന്റെ സർവ്വേക്കല്ല് പിഴുതു മാറ്റിയതു സംബന്ധിച്ച് ശ്രീമതി. ഷേർലിയമ്മ 16.09.2014-ൽ നൽകിയ പരാതി.
32. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ നഷ്ടപ്പെട്ടുവെന്ന ശ്രീ. എ.ടി. പുപ്ഷയുടെ 25.09.2014-ലെ പരാതി.
33. ബാങ്ക് ലോൺ ലഭിക്കുന്നില്ലായെന്ന ശ്രീ. വിജയകുമാറിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി.
34. പ്രമോഷൻ ലഭിക്കണമെന്ന ഒരു കൂട്ടം ജയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി.
35. സിഡ്കോ മാനേജ്മെന്റ് വൈരാഗ്യപൂർവ്വം പ്രവർത്തിച്ചിരുന്നുവെന്ന ശ്രീമതി. എം. എൻ. ഇന്ദുമുഖിയുടെ 15.10.2014-ലെ പരാതി.
36. എസ്.ഐ അപമര്യാദയായി പെരുമാറിയെന്നത് സംബന്ധിച്ച് ശ്രീ. എ.ബാലന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പരാതി.
37. മണ്ണിടിച്ച് ഖനനം ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. സുമേഷ്. എം. ജിയുടെ 12.12.2014-ലെ പരാതി.
38. ഓൺ ലൈൻ അപേക്ഷയിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ശ്രീ. അജൻ. കെ.ജി യുടെ 23.01.2015-ലെ അപേക്ഷ.

39. പട്ടിക വർഗ്ഗ/ഒഇസി വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ ലഭിക്കാത്തതു സംബന്ധിച്ച് ശ്രീ. അരുൺ കൃഷ്ണന്റെ 28.01.2015-ലെ പരാതി.
40. വഴി കയ്യേറിയതു സംബന്ധിച്ച് ശ്രീമതി. ശ്രീലത 04.03.2015-ൽ നൽകിയ പരാതി.
41. നാടാൻ കമ്മീഷനു മുമ്പാകെയുള്ള ശ്രീ. ജയിംസ് ജോസഫിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത നിവേദനം.

## വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ

42. വിവരാവകാശ നിയമപ്രകാരം ശ്രീ. ഷാനവാസ് സമർപ്പിച്ച അപേക്ഷ.
43. വിവരാവകാശ നിയമപ്രകാരം ശ്രീ. ഗോകുൽദാസ് സമർപ്പിച്ച അപേക്ഷ.
44. വിവരാവകാശ നിയമപ്രകാരം ശ്രീ. ടി.കെ മോഹനൻ സമർപ്പിച്ച അപേക്ഷ.
45. വിവരാവകാശ നിയമപ്രകാരം ശ്രീ. കെ. കെ. സുധാകരൻ സമർപ്പിച്ച അപേക്ഷ.
46. ശ്രീ. എം. കെ. പ്രദീപിന്റെ വിവരാവരാകാശ നിയമപ്രകാരമുള്ള അപേക്ഷ.
47. ശ്രീ. വി.വി. ഹംസയുടെ വിവരാവരാകാശ നിയമപ്രകാരമുള്ള അപേക്ഷ.
48. ശ്രീ. എം. ആർ. കൃഷ്ണന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
49. ശ്രീ. വിവേകാനന്ദന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
50. ശ്രീ. ഭാസ്കരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
51. ശ്രീ. ചന്ദ്രന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
52. ശ്രീ. എൻ. കെ. അശോകന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

അനുബന്ധം-V

**കമ്മീഷന് ലഭിച്ച കേസുകളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെയും സർക്കാർ സ്വീകരിച്ച നടപടികളുടെയും വിശദവിവരം.**

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ (എസ്.ഇ.ബി.സി) ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്ക് പഠനം നടത്തുവാൻ കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നതിനാൽ ഈ സാമ്പത്തിക വർഷം മറ്റ് ഉപദേശങ്ങളോ റിപ്പോർട്ടുകളോ സർക്കാരിന് സമർപ്പിച്ചിട്ടില്ലാത്തതാണ്. എന്നാൽ മുൻ സാമ്പത്തിക വർഷം കമ്മീഷൻ നല്കിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഇനം 32 -ൽ ഭേദഗതി വരുത്തണമെന്ന കേരള ഗണക കണിശ സഭയുടെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ 02.08.2014-ൽ സ.ഉ (കൈ) 14/2014/പി.സ.വി.വ നമ്പരായും സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം 48-ലെ 'മുസ്ലീം' എന്നതിൽ റാവുത്തർ വിഭാഗവും ഉൾപ്പെടുന്നുവെന്നും കേന്ദ്ര ഒ.ബി.സി ലിസ്റ്റിലെ ഇനം 39 എയിൽ 'മറ്റു മുസ്ലീം' വിഭാഗത്തിൽ ഉൾപ്പെടുത്തി റാവുത്തർ വിഭാഗത്തിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നും 08.08.2014-ലെ സ.ഉ(കൈ) 16/2014/പി.സ.വി.വ നമ്പരായും ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് ഈ സാമ്പത്തിക വർഷമാണ്.

അനുബന്ധം-VI

**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കമ്മീഷനിൽ ലഭ്യമായിട്ടുള്ള നിവേദങ്ങളിൽ 31.03.2015 വരെ തീരുമാനമെടുക്കാതെ ശേഷിക്കുന്നവ**

1. മാളവ സമുദായം
2. ഈഴവ-തിയ്യ
3. കമ്മാറ
4. ക്രിസ്തുമതത്തിലേക്ക് മതമാറ്റം നടത്തിയ പിന്നോക്ക വിഭാഗങ്ങൾ
5. കൊങ്കിണി കത്തോലിക്ക ക്രിസ്ത്യൻ
6. മെക്ക
7. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.ഐ.യു.സി നാടാർ ഒഴികെ ഉള്ളവർ
8. വണികവൈശ്യ
9. എഴുത്തച്ഛൻ
10. നായിഡു
11. വെള്ളാള ഷെട്ടി
12. ആന്തൂർ നായർ
13. വിളക്കിത്തലനായർ
14. മുവാരി-മുഖാരി
15. 24 മന തെലുങ്ക് ചെട്ടി
16. കളരിപണിക്കർ
17. കുടുംബി
18. പത്മശാലി സമാജം
19. ആംഗ്ലോ ഇൻഡ്യൻ
20. പെന്തക്കോസ്ത് ക്രിസ്ത്യാനികൾ
21. സാരസ്വത അബ്രാഹ്മണർ
22. പണ്ഡിതർ
23. തീയ്യ കാവുതീയ്യ
24. യോഗീശ്വര

25. വാണിയ/ഗണിഗ
26. വിശ്വകർമ്മസഭ
27. കത്തോലിക്ക കമ്മാളർ
28. മാനവ ഐക്യവേദി
29. ഹനഫി
30. മൺപാത്ര നിർമ്മാണ സമുദായ സഭ
31. വെളുത്തേടത്ത് നായർ
32. ചക്കാല നായർ
33. മുതലിയാർ
34. തമ്മാളി സമുദായം
35. ബേസൽ മിഷൻ കമ്മ്യൂണിറ്റി
36. ഈഴവാത്തി സഹോദര സമാജം
37. ധീവര
38. വടുക
39. ഗജ്ഞം റെഡ്ഡി
40. ജയിൻ മൈനോറിറ്റി സെൽ
41. കുറിക്കൻ സമുദായം
42. തീരദേശ വികസന സമിതി
43. മലയാള ബ്രാഹ്മണസഭ
44. പത്തുകുടി സമുദായം
45. ബോയൻ
46. വയനാടൻചെട്ടി
47. ചവളർ സമുദായം
48. കൈക്കോളൻ സമുദായം
49. കുമാരക്ഷത്രിയ സംഘം
50. നാടാർ മഹാജന സംഘം
51. സുകുമാര വിജയം നായർ സമാജം
52. നാടാർ സമുദായം
53. പുള്ളുവൻ
54. വീരശൈവ
55. എം.ബി.സി.എഫി-ന്റെ നിവേദനം

56. തമിഴ് ന്യൂനപക്ഷക്രിസ്തീയ വന്നിയ സമുദായം
57. പെരുംകൊല്ലൻ
58. ചെട്ടി
59. യാദവ
60. രാമക്ഷത്രിയ വിഭാഗത്തെ കോട്ടയാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്
61. ജോഗി സമുദായം
62. ദാസ സമുദായം
63. മഹേന്ദ്ര മേതര
64. കന്നടിയൻ സമുദായം
65. തൊട്ടിയൻ സമുദായം
66. യോഗി, യോഗീശ്വര
67. വെള്ളാള വിഭാഗം
68. പാർക്കവകുലം
69. വൈശ്യക്ഷേമസഭ
70. കോടാങ്കി നായ്ക്കൻ
71. ഭരതർ ഐക്യ സംഘം
72. വിൽക്കുറുപ്പ് മഹാസഭ
73. ക്രിസ്തീയ വന്നിയ സമുദായം
74. പാലക്കാട് ജില്ലയിൽ ചെട്ടി വിഭാഗത്തിന് ഒ.ബി.സി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതി
75. വാദ്ധ്യായർ
76. ദളിത് ക്രൈസ്തവർ
77. ദേവസ്വം ബോർഡിലെ താത്കാലിക നിയമനങ്ങളിലെ സംവരണ ക്രമം സംബന്ധിച്ച്
78. പൂലുവ കൗണ്ടർ, വേട്ടുവ കൗണ്ടർ
79. കണിയാൻ(ഗണക) എന്നത് കണിയാൻ, ഗണക എന്നാക്കണം എന്ന ആവശ്യം